## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

30 (*120) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.)-മിന് കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്കിൽ പാർക്ക് പദ്ധതിയെ കുറിച്ച് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിലാണ് പ്രാരംഭഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) :

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുത്ത തൊഴിൽ മേഖലകളിൽ പ്രാവീണ്യം നേടാനായി സർക്കാർ ആരംഭിക്കാനുദ്ദേശിക്കുന്ന ഒരു സംരംഭമാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. പ്രസ്തുത സ്കിൽ പാർക്കുകളിലാണ് അസാപ്പിലെ എല്ലാ സ്കിൽ കോഴ്സുകളിലുമുള്ള പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. സ്കിൽ പാർക്കുകളുടെ ചുറ്റുമുള്ള വ്യവസായ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി തൊഴിൽ നൈപുണ്യ വികസനത്തിനായി പ്രവർത്തിക്കുന്ന തരത്തിലുള്ള ഒരു മാതൃകയാണ് ലക്ഷ്യമിടുന്നത്.

(ബി) നടപ്പ് പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ സ്കിൽ പാർക്ക് വീതം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി

1 (1071) ശ്രീ. പി. മാധവൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പാഠപുസ്തകങ്ങൾ ഏത് അദ്ധ്യയനവർഷംമുതൽ പുതുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. പൊതു വിദ്യാഭ്യാസ പാഠ്യ പദ്ധതി പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെ സമഗ്രമായി പരിഷ്ക്കരിക്കുന്നുണ്ട്. ഇതനുസരിച്ച് 1,3,5,7,11 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ച് തയ്യാറാക്കി 2014-15 വർഷം ഇതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2015-16 വർഷം 2,4,6,8,12 ക്ലാസ്സുകളിലെയും, തുടർന്ന് 9,10 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നുണ്ട്.

(ബി) 2014-15 അദ്ധ്യയന വർഷം മുതൽ 1,3,5,7,11 ക്ലാസ്സുകളിലെയും 2015-16 വർഷം 2,4,6,8,12 ക്ലാസ്സുകളിലെയും, 2016-2017 വർഷം 9,10 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കാനാണ് തീരുമാനിക്കുന്നത്.

(സി) അദ്ധ്യാപക ശാക്തീകരണം മൂല്യ നിർണ്ണയ സമ്പ്രദായം ശക്തിപ്പെടുത്തൽ, ഫലപ്രദമായ ക്ലാസ് റൂം വിനിമയ രീതികൾ, ഐ.സി.റ്റി അധിഷ്ഠിത പഠനം, പഠന ഫലങ്ങൾ വിലയിരുത്തൽ എന്നിവയാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രസക്തമായ നിർദ്ദേശങ്ങൾ.

(ഡി) പരിഷ്ക്കരിച്ച പാഠപുസ്തകങ്ങൾ സമയബന്ധിതമായി സ്കൂളുകളിൽ എത്തിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. എസ്.സി.ഇ.ആർ.ടി-യുടെ നേതൃത്വത്തിൽ 1,3,5,7,11 ക്ലാസ്സുകളിലേക്കായി പരിഷ്ക്കരിച്ച് തയ്യാറാക്കിയ പാഠപുസ്തകങ്ങൾക്ക് കരിക്കുലം കമ്മിറ്റി അംഗീകാരം നൽകി ഇവയുടെ പ്രിന്റിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. ഗുണനിലവാരമുള്ള ക്ലാസ് റൂം വിനിമയ രീതി ഉറപ്പാക്കാനായി അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനം നൽകുന്നുണ്ട്. കൂടാതെ അദ്ധ്യാപകർക്കായി കൈ പുസ്തകങ്ങളും തയ്യാറാക്കിവരുന്നു.

## പാഠപുസ്തകങ്ങളിലെ ലിപി പരിവർത്തനം

2 (1072) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് നൽകുന്ന പാഠപുസ്തകങ്ങളിൽ അച്ചടിച്ചിട്ടുള്ള ലിപിയിൽ വ്യത്യാസം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതുതരം ലിപിയാണ് പുതിയതായി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നത് ;

(സി) ലിപി പരിവർത്തനം വരുത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനം എന്താണ് ; ഇത് കൊണ്ടുള്ള പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly